**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1383** **01-02-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യങ്ങളും മാലിന്യസംസ്കരണ സൗകര്യവും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. കോവളം ഡെസ്റ്റിനേഷൻ നവീകരിക്കുന്നതിന് കിഫ്ബി മുഖേന 90 കോടി രൂപയുടെ ബൃഹത് പദ്ധതി നടപ്പിലാക്കുകയാണ്. മറ്റ് ടൂറിസം കേന്ദ്രങ്ങളും സമാനമായി വികസിപ്പിയ്ക്കുന്നതിന് ആലോചിയ്ക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ നവീനമായ പദ്ധതികൾ ആവിഷ്കരിച്ചും, ആകർഷകമാക്കിയും സഞ്ചാരികളെ എത്തിയ്ക്കുന്നുണ്ട്. ഗ്രാമീണ മേഖലകളിൽ അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പാക്കുന്നു. കൂടാതെ ഗ്രാമീണ മേഖലയിലെ സാധാരണ ജനങ്ങൾക്കും വിനോദസഞ്ചാര വ്യവസായത്തിന്റെ ഗുണഫലങ്ങൾ നുകരുവാൻ ഉത്തരവാദിത്ത ടൂറിസം പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നു. ഇതിലൂടെ സുസ്ഥിരവും പ്രകൃതി സൗഹാർദ്ദവുമായ ടൂറിസം വികസനമാണ് ലക്ഷ്യമിടുന്നത്. സന്ദർശകർക്ക് വളരെ വേഗം ടൂറിസം കേന്ദ്രങ്ങളിൽ എത്തിച്ചേരുവാൻ വേണ്ടി ഹെലി ടൂറിസം എന്ന നൂതന പദ്ധതിയും രാത്രികാല ടൂറിസം പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം വൃത്തിയും ശുചിത്വവുമുള്ള ടൂറിസം കേന്ദ്രങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതി നടപ്പാക്കിവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിന് കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ. കൂടാതെ കോവളത്തെയും ഇടുക്കി ജില്ലയിലെ |

| | | | |
|---|---|---|---|
| | | | ഡെസ്റ്റിനേഷനുകളിലെയും മാലിന്യ സംസ്കരണത്തിന് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. |
| (ബി) | ഇത്തരം പദ്ധതികൾ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണം ജില്ലാ തലത്തിൽ ടൂറിസം വകുപ്പിന്റെ ജില്ലാ ഓഫീസർമാർ പരിശോധിക്കുകയും കൂടാതെ വകുപ്പ് തലത്തിലും സർക്കാർ തലത്തിലും പരിശോധിച്ച് കാര്യക്ഷമത ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. ടൂറിസം വികസന പദ്ധതികളുടെ നിർവ്വഹണവും മേൽനോട്ടവും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വകുപ്പിൽ പുതുതായി എൻജിനീയറിങ് വിഭാഗവും രൂപീകരിച്ചിട്ടുണ്ട്. ടൂറിസം ക്ലബ്ബുകളുടെ സഹായത്തോടെ ഡെസ്റ്റിനേഷനുകളുടെ പരിപാലനം നിർവഹിക്കുന്നു. |

സെക്ഷൻ ഓഫീസർ